## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.477 | 27.09.2016 -ൽ മറുപടിയ്ക്ക്

## വിദേശ വിനോദ സഞ്ചാരികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |

എ) കഴിഞ്ഞ നാലുവർഷമായി വിനോദ സഞ്ചാരത്തിനെത്തുന്ന വിദേശികളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ;

എ)

| 2012 | 2013 | 2014 | 2015 |
|---|---|---|---|
| 793696 | 858143 | 923366 | 977479 |

ബി) ഓരോ വർഷം കഴിയും തോറും വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണത്തിൽ കുറവ് വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

ബി) വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ലെങ്കിലും ഈ വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ എണ്ണത്തിലുള്ള വളർച്ചാ നിരക്കിൽ കുറവുവന്നിട്ടുണ്ട്. 2011-ൽ വിദേശടൂറിസ്റ്റുകളുടെ എണ്ണത്തിലുള്ള വളർച്ചാനിരക്ക് 11.18 % ആയിരുന്നത് 2015-ൽ 5.86% ആയി കുറഞ്ഞിട്ടുണ്ട്. പ്രധാനമായും ആഗോള സാമ്പത്തിക മാന്ദ്യം, പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ നിന്നുള്ള മത്സരം, ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള മാർഗ്ഗങ്ങളുടെ അപര്യാപ്തത എന്നിവയോടൊപ്പം നിലവിലുള്ള മദ്യനയവും വളർച്ചാനിരക്കിലെ കുറവിന് കാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

സി) വിനോദ സഞ്ചാരികളെ ആകർഷിക്കാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ; ഓരോന്നിനും വേണ്ടി എത്ര രൂപ ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

സി) പുതിയ ഉത്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തമായ വിപണന പ്രചരണ തന്ത്രങ്ങളിലൂടെയും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ടൂറിസം വിപണനത്തിനായുള്ള പ്രചരണ

പ്രവർത്തനങ്ങൾക്കും മറ്റുമായി കഴിഞ്ഞ നാലു വർഷങ്ങളിലെ ചെലവു സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2011-12 | 30,99,54,544/- |
| 2012-13 | 36,52,97,688/- |
| 2013-14 | 27,99,98,639/- |
| 2014-15 | 31,49,80,657/- |
| 2015-16 | 30,99,99,457/- |

(ഡി) പുതിയ പദ്ധതികൾ നടപ്പാക്കിയത് വഴി എത്ര രൂപ ലാഭം /നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഡി) ടൂറിസം പ്രചാരണ പരിപാടികൾക്കായി ചെലവഴിക്കുന്ന തുകയുടെ ലാഭം /നഷ്ട കണക്കുകൾ പ്രത്യക്ഷമായി കണക്കാക്കാൻ കഴിയുന്നതല്ല

സെക്ഷൻ ഓഫീസർ